بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم. وعلى عبده المسيح الموعود

**ഖുത്ബ**
**21.10.2005**
**ബയ്തുൽ ഫുതൂഹ്, ലണ്ടൻ**

# റമസാൻ
# വിശുദ്ധഖുർആൻ ഇറങ്ങിയ മാസം

الَّذِينَ آتَيْنَاهُمُ الْكِتَابَ يَتْلُونَهُ حَقَّ تِلَاوَتِهِ أُولَٰئِكَ
يُؤْمِنُونَ بِهِ وَمَن يَكْفُرْ بِهِ فَأُولَٰئِكَ هُمُ الْخَاسِرُونَ

റമസാൻ സമാഗതമായതോടെ ദർസുകൾ കേൾക്കുന്നതിനും വിശുദ്ധഖുർആന്റെ തർജമയും അതിന്റെ സംക്ഷിപ്ത വ്യാഖ്യാനവും ശ്രവിക്കുന്നതിനും ഇവിടെ പള്ളികളിൽ ഈയിടെ അവസരം കിട്ടുന്നുണ്ട്. അതിനെ വളരെ താല്പര്യത്തോടെ ധാരാളം ആളുകൾ പ്രയോജനപ്പെടുത്തുന്നു. തറാവീഹ് നിസ്കാരത്തിൽ വിശുദ്ധഖുർആൻ ഖത്തം ചെയ്യുന്നു. ഇത് ഒരു വലിയ വിഭാഗം ആളുകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. വീടുകളിലും വിശുദ്ധഖുർആൻ പഠിക്കുന്നതിനും തിലാവത്ത് ചെയ്യുന്നതിനും ചിലർക്ക് തർജമ വായിക്കുന്നതിനും അവസരം കിട്ടുന്നു. പൊതുവെ മാശാഅല്ലാഹ് മിക്ക അഹ്മദി വീടുകളിലും റമസാനിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് പ്രത്യേക ശ്രദ്ധ ഉണ്ടാകുന്നു. റമസാനിൽ തന്റെ ഉള്ളിൽ ആത്മീയമായ മാറ്റമുണ്ടാക്കുന്നതിന് ഒരു സത്യവിശ്വാസി മൊത്തത്തിൽ പരിശ്രമിക്കുന്നതാണ് ഇതിന്റെ ഒരു കാരണം. മറ്റൊന്ന് നമുക്കറിയാവുന്നതുപോലെ വിശുദ്ധഖുർആന് റമസാനുമായി ഒരു പ്രത്യേക ബന്ധമുണ്ട്. ഇതിന്റെ അവതരണം ഈ മാസത്തിലാണ് സമാരംഭിച്ചത്. തന്റെ സന്നിധിയിൽ വന്നുള്ള നബി(സ)തിരുമേനിയുടെ രഹസ്യഭാഷണം അല്ലാഹു കേട്ടു. അവന്റെ കാരുണ്യത്തിന്റെ കവാടം തുറക്കുകയും ചെയ്തു. അഴുക്കിലും ബഹുദൈവാരാധനയിലും ജനങ്ങൾ കുടുങ്ങി കിടക്കുന്നത് കണ്ടിട്ട് അങ്ങേയറ്റം അസ്വസ്ഥനും ദുഃഖിതനുമായ ആ മഹാത്മാവിനെതന്നെ ലോകത്തിനും ലോകത്തിന്റെ പരിഷ്കരണത്തിനുമായി അവസാനത്തെ ന്യായപ്രമാണം നല്കി അല്ലാഹു ലോകത്തേക്ക് നിയോഗിച്ചു. പിന്നീട് സുദീർഘകാലം ഈ ന്യായപ്രമാണം ഇറങ്ങിക്കൊണ്ടിരുന്നു. ഓരോ വർഷവും റമസാനിൽ അതുവരെ ഇറങ്ങിയിട്ടുള്ള ഖുർആനിക വാക്യങ്ങൾ ജിബ്രീൽ(അ) ആവർത്തിക്കുമായിരുന്നു. വിശുദ്ധഖുർആൻ പൂർണ്ണമായും ഇറങ്ങിക്കഴിഞ്ഞിരുന്ന, നബിതിരുമേനിയുടെ വേർപാട് വർഷത്തെ റമസാനിൽ ജിബ്രീൽ(അ) രണ്ടു തവണ വിശുദ്ധഖുർആൻ മുഴുവനും ഓതിക്കൊടുക്കുകയുണ്ടായി. സത്യവിശ്വാസികൾ തുടർന്നുകൊണ്ടുവരുന്ന സുന്നത്താണ് വിശുദ്ധഖുർആൻ പാരായണം. റമസാനിൽ കുറഞ്ഞത് ഒന്നോ രണ്ടോ തവണ ഖുർആൻ ഖത്തം ചെയ്യുന്നു. കഴിവുള്ളവർ രണ്ടുതവണയിൽ കൂടുതലും ഖത്തം ചെയ്യാറുണ്ട്. പക്ഷേ, എന്താണ് ഓതുന്നതെന്ന് മനസ്സിലാകാത്തവിധം അധികം വേഗത്തിൽ ഖുർആൻ പാരായണം ചെയ്യാൻ പാടില്ല. നബി തിരുമേനിയുടെ സഹാബിമാർ അറബികളായിരുന്നു. അവരോടും നബി(സ) തിരുമേനി പറഞ്ഞു: ആരാണോ മൂന്നുദിവസത്തിനുള്ളിൽ ഖുർആൻ ഖത്തം ചെയ്യുന്നത് അവൻ ഒന്നും മനസ്സിലാക്കിയിട്ടില്ല. ഒരു നിവേദനത്തിൽ ഏഴ് ദിവസമെന്നും വന്നിട്ടുണ്ട്. സ്വഹാബത്തിന്റെ കഴിവുകൾ നോക്കി അവിടന്ന് അവരെ ഉപദേശിക്കുകയും അവരോട് കല്പിക്കുകയും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അടിസ്ഥാനപരമായ ഉദ്ദേശ്യം ഖുർആൻ പാരായണം ചെയ്യുകയും അതിന്റെ അർത്ഥങ്ങളിലും അധ്യാപനങ്ങളിലും ചിന്തിക്കുകയും അതിനെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്. ഇങ്ങനെ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നില്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. സ്വഹാബത്ത് ഈ കാതലായ വശം നല്ലവണ്ണം മനസ്സിലാക്കി; എങ്ങനെയാണ് വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ടതെന്ന്. അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ അവരെക്കുറിച്ച് അവർ ഖുർആൻ ഓതുക എന്ന കടമ നിറവേറ്റിയെന്ന് അല്ലാഹു സാക്ഷ്യം പറഞ്ഞത്. ഞാൻ പാരായണം ചെയ്ത വചനത്തിൽ അല്ലാഹു പറഞ്ഞിരിക്കുന്നു, "ആർക്കാണോ നാം ഗ്രന്ഥം നല്കിയത് അവരത് പാരായണം ചെയ്യേണ്ട മുറപോലെ പാരായണം ചെയ്തു. അവർ തന്നെയാണ് യഥാർത്ഥത്തിൽ അതിൽ വിശ്വസിക്കുന്നവർ. ആരാണോ അതിനെ നിഷേധിക്കുന്നത് അവരത്രെ നഷ്ടകാരികൾ."(*2:122*)

ഇവരെ നബിതിരുമേനി തന്റെ പരിശുദ്ധമായ ശക്തിപ്രഭാവവും ഈ വിശുദ്ധഗ്രന്ഥവും കൊണ്ട് യഥാർത്ഥ മനുഷ്യരാക്കിത്തീർത്തുവെന്ന് മാത്രമല്ല, മറിച്ച് ആരാധനയിൽ ലയിച്ചുകഴിയുന്നവരും ദൈവപ്രഭാവമുള്ളവരുമാക്കി തീർക്കുകയും ചെയ്തു. ഖുർആൻ പാരായണം ചെയ്യുക എന്ന ഈ കടമ എങ്ങനെയാണ് അവർ നിറവേറ്റിയിരുന്നത്. വെറും ഓതിയതുകൊണ്ടു മാത്രം ഈ കടമ നിറവേറ്റപ്പെടുമോ? ഇല്ല. അതിനും കുറേ കർത്തവ്യങ്ങൾ ചെയ്യാനും നിബന്ധനകൾ പാലിക്കാനുമുണ്ട്.

നമ്മളിലോരോരുത്തരും ഈ റമസാനിൽ അതി രാവിലെ ഉണരുന്നു. നഫ്ൽ നിസ്കരിക്കുന്നു. നോമ്പു പിടിക്കാൻ ഇടയത്താഴം കഴിക്കുന്നു. പിന്നീട് നിസ്കാരത്തിനായി പോകുന്നു. നഫ്ൽ നിസ്കാരത്തിന്റേയും ഇടയത്താഴത്തിന്റേയും ഇടയ്ക്ക് സമയം കിട്ടിയാൽ ചിലർ ആ സമയത്ത് ഖുർആൻ പാരായണവും ചെയ്യുന്നു. ഹൃദിസ്ഥമായ ഖുർആനിക വചനങ്ങളെല്ലാം നഫ്ൽ നിസ്കാരങ്ങളിൽ ഓതുന്നു. ഓരോ വീട്ടിലും നിസ്കാരത്തിനുശേഷം ഖുർആൻ പാരായണം നടക്കുന്നു. കാരണം ആത്മീയതയിൽ കൂടുതൽ അഭിവൃദ്ധിയുണ്ടാകുന്ന സമയമാണിത്. ഒരു പ്രത്യേക ചുറ്റുപാടായിരിക്കും ആ നേരത്തുണ്ടാവുന്നത്. അതുകൊണ്ടുതന്നെ ഈ രീതി റമസാനുശേഷം നാം തുടർന്നുകൊണ്ടു പോകേണ്ടതാണ്. റമസാനുശേഷം നോമ്പ് എന്തായാലും പിടിക്കേണ്ടതില്ല. എന്നാൽ നഫ്ൽ നിസ്കാരവും വിശുദ്ധ ഖുർആൻ പാരായണവും യഥാർത്ഥസമയത്ത് ഉണരുകയും അതനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു സുബ്ഹി നേരത്തുള്ള ഖുർആൻ പാരായണത്തിന്റെ പ്രാധാന്യം പറഞ്ഞുകൊണ്ട് രാവിലെ ഖുർആൻ പാരായണത്തിന് മുൻതൂക്കം നല്കാൻ കല്പിച്ചിരിക്കുന്നു. പറഞ്ഞു ***ഇന്ന ഖുർആനൽ ഫജ്രി കാന മശ്ഹൂദ*** രാവിലെയുള്ള ഖുർആൻപാരായണം സ്വീകരിക്കപ്പെടുകയും ഓരോ സത്യവിശ്വാസിക്കും അത് സാക്ഷിപറയുകയും ചെയ്യും. എന്നാൽ, അത് ഓതിയാൽ മാത്രം മതിയോ? നമ്മുടെ ദുനിയാവും ആഖിറത്തും ഒരുക്കിയെടുക്കുന്നതിനും നമുക്ക് വേണ്ടി അത് സാക്ഷിപറയുന്നതിനും അതുമാത്രം പോരാ. എന്താണോ പാരായണം ചെയ്യുന്നത് അത് മനസ്സിലാക്കേണ്ടത് നിർബന്ധമാണ്. അതുകൊണ്ടാണ് നബി(സ)തിരുമേനി വിശുദ്ധ ഖുർആൻ ഒരു മാസംകൊണ്ട് പൂർത്തിയാക്കാൻ തന്റെ ഒരു സഹാബിയായ അബ്ദുല്ലാഹ് ബിൻ അംറിനോട് പറഞ്ഞത്. സാവധാനം പാരായണം ചെയ്യുകയാണെങ്കിൽ ചിന്തിക്കാനും മനസ്സിലാക്കാനും ആഴത്തിൽച്ചെന്ന് അതിലെ ഉള്ളടക്കം ഗ്രഹിക്കാനും കഴിയുന്നതാണ്. തനിക്ക് കൂടുതൽ ഓതാൻ ധാരാളം സമയവും കഴിവുമുണ്ടെന്ന് അദ്ദേഹം പറഞ്ഞപ്പോൾ എന്നാൽ ഒരാഴ്ചയിൽ ഒരു ഖത്തം തീർത്തുകൊള്ളുക എന്ന് നബി(സ) പറഞ്ഞു. അതിനേക്കാൾ കുറച്ച് ദിനങ്ങളിൽ വിശുദ്ധ ഖുർആൻ ഖത്തം ചെയ്യാൻ പാടില്ല. വെറും ഓതിയാൽ മാത്രം പോരെന്ന് സഹാബിമാർക്ക് മനസ്സിലാക്കിക്കൊടുക്കാൻ അവിടന്ന് ആഗ്രഹിച്ചിരുന്നു. മനുഷ്യൻ ധൃതിയിൽ ഓതാൻ തുടങ്ങിയാൽ പത്ത്പതിനൊന്ന് മണിക്കൂർകൊണ്ട് ഖുർആൻ മുഴുവനും ഓതിതീർക്കാൻ കഴിയും. എന്നാൽ, അതിന്റെ തരിപോലും ഓതുന്നയാൾക്ക് മനസ്സിലാവുകയില്ല. തറാവീഹ് നിസ്കരിപ്പിക്കുന്ന ചില ഹാഫിളുമാർ എത്രമാത്രം വേഗത്തിലാണ് ഖുർആൻ ഓതുന്നതെന്ന് വെച്ചാൽ ഏത് പദങ്ങളാണ് ഓതുന്നതെന്ന് കേൾക്കുന്നവർക്ക് മനസ്സിലാവുകയേയില്ല. ജമാഅത്തിൽ ഇത്ര ധൃതിയിൽ ഓതുന്നവർ ഒരുപക്ഷേ ആരുമുണ്ടാവുകയില്ല. എന്നാൽ, മറ്റുള്ളവരുടെ പള്ളിയിൽ പതിനെട്ട് ഇരുപത് മിനുട്ടിനുള്ളിൽ കൂടിയാൽ അരമണിക്കൂറിനുള്ളിൽ ഒരു ജുസുഅ് പാരായണം ചെയ്യുകയും പത്ത്പതിനൊന്ന് റക്അത്ത് നഫ്ൽ നിസ്കരിക്കുകയും ചെയ്യും. ഇതിൽനിന്ന് ആർക്ക് എന്ത് മനസ്സിലാവാനാണ്. ഖുർആൻ പാരായണം ചെയ്യുന്നതിന് ഓരോരുത്തർക്കും ഓരോ കഴിവുണ്ട്. ഓരോ ശൈലിയുണ്ട്. ഉച്ചാരണസ്ഫുടതയോടെ ചിലർക്ക് വേഗത്തിൽ പാരായണം ചെയ്യാനും കഴിയും. ചിലർ സാവധാനത്തിലായിരിക്കും പാരായണം ചെയ്യുക. എന്നാൽ, ഖുർആൻ മനസ്സിലാക്കി ഓതുക എന്നാണ് നമ്മോട് പറയപ്പെട്ടിട്ടുള്ളത്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***വ റത്തിലിൽ ഖുർആന തർത്തീലാ***. വിശുദ്ധഖുർആൻ മനോഹരമായി പാരായണം ചെയ്യുക. (73:5) പതിനെട്ട് ഇരുപത് മിനുട്ടിനുള്ളിലോ അരമണിക്കൂർകൊണ്ടോ ഖുർആനിലെ ഒരു ജുസുഅ് ഓതി നിസ്കരിപ്പിക്കുമ്പോൾ അതിൽനിന്ന് എന്ത് മനസ്സിലാകാനാണ്?

ഒരിക്കൽ ആരുടെയോ കൂടെ ഞാൻ വഖ്ഫെ ആർസിയിൽ പോയി. ഒരു ദിവസം ഖുർആൻ ഓതി കഴിഞ്ഞപ്പോൾ എന്റെ കൂടെയുള്ളയാൾ എന്നോട് പറഞ്ഞു. മിയാൻ, ഞാൻ പ്രതീക്ഷിച്ചതുപോലെയല്ലല്ലോ നീ. (ഞാൻ വിചാരിച്ചു എനിക്കെന്തോ അബദ്ധം പറ്റിയെന്ന്. എന്താണ് സംഭവിച്ചതെന്ന് ഞാൻ അയാളോട് ചോദിച്ചു.) അപ്പോൾ പറഞ്ഞു. രണ്ട്മൂന്ന് ദിവസമായി നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ നിർത്തി നിർത്തി പാരായണം ചെയ്യുന്നത് ഞാൻ കാണുന്നു. അതിന്റെ അർത്ഥം നീ വിക്കിവിക്കിയാണ് ഓതുന്നത്. നിനക്ക് ഖുർആൻ ശരിക്ക് ഓതാൻ അറിയില്ല എന്നായിരുന്നു. ഞാൻ പറഞ്ഞു. ഞാൻ വിക്കിവിക്കിയല്ല ഖുർആൻ ഓതുന്നത്, ഇത് എന്റെ ശൈലിയാണ്. ഓരോരുത്തർക്കും അവരുടേതായ ശൈലിയുണ്ടാകും. ഈ ഹദീസിനെക്കുറിച്ച് അന്ന് എനിക്കൊന്നും അറിയില്ലായിരുന്നു. ഈ ഖുർആനിക നിർദ്ദേശങ്ങളൊന്നും ഓർമ്മയിൽ വന്നതുമില്ല. എനിക്ക് ഒഴുക്കോടെ വേഗത്തിൽ ഓതാൻ അറിയുമെന്നും താങ്കൾക്ക് മത്സരിക്കണമെങ്കിൽ മത്സരിക്കാമെന്നും ഞാൻ അറിയിച്ചു. പക്ഷേ, എനിക്ക് ആനന്ദം ഉണ്ടാകുന്ന രീതിയിലാണ് ഞാൻ ഖുർആൻ പാരായണം ചെയ്യുന്നത്.

പറഞ്ഞതിന്റെ ഉദ്ദേശ്യം ഇതാണ്. ചിലർ തങ്ങളുടെ കഴിവ് പ്രകടിപ്പിക്കുന്നതിനുവേണ്ടി- അവർ മനസ്സിലാക്കുന്നത് വേഗത്തിൽ ഓതേണ്ടത് നിർബന്ധമാണെന്നാണ്- ഇങ്ങനെ ചെയ്യാറുണ്ട്. വാസ്തവത്തിൽ അല്ലാഹുവും അവന്റെ റസൂലും ഖുർആൻ നല്ലവണ്ണം മനസ്സിലാക്കി പാരായണം ചെയ്യാനാണ് നമ്മോട് ആവശ്യപ്പെടുന്നത്. ഇതാണ് ഏറ്റവും നല്ല രീതി. ചിലർക്ക് പെട്ടെന്ന് മനസ്സിലാക്കാനുള്ള കഴിവും കാര്യങ്ങൾ ഗ്രഹിച്ചെടുക്കാനുള്ള ശക്തിയുമുണ്ടായിരിക്കും. അപ്പോൾ അവർക്ക് അതനുസരിച്ച് പാരായണം ചെയ്യാവുന്നതാണ്.

വിശുദ്ധഖുർആനോടുള്ള മര്യാദയും അത് ഗ്രഹി

ച്ചോതുക എന്നതാണ്. നല്ലവണ്ണം തർജമ അറിയാമെങ്കിൽതന്നെയും നിറുത്തിനിറുത്തി കാര്യങ്ങൾ മനസ്സിലാക്കി പാരായണത്തിന്റെ മുറ പാലിച്ചുകൊണ്ട് ഓതേണ്ടതാണ്; ഈ നല്ല അദ്ധ്യാപനംകൊണ്ട് ബുദ്ധി കൂടുതൽ തെളിമയാർന്നതായി തീരുന്നതിനുവേണ്ടി. ഓരോരുത്തർക്കും അവരുടേതായ അറിവും കഴിവുമുണ്ടെങ്കിൽ അത് വർദ്ധിപ്പിച്ചെടുക്കേണ്ടത് സത്യവിശ്വാസിയുടെ പ്രവർത്തിയാണ്. ഈ അദ്ധ്യാപനം ഒരു സ്ഥലത്ത് പരിമിതപ്പെട്ടുപോവുകയില്ല. വ്യക്തമായ ചില കല്പനകളും വിശുദ്ധഖുർആനിലുണ്ട്. മനസ്സിലായിക്കഴിഞ്ഞാൽ അതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. നല്ല കാര്യം അല്ലെങ്കിൽ നല്ല ഉപദേശം പ്രയോജനപ്പെടുന്നത് അത് കേട്ടതിനുശേഷം അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുമ്പോഴാണ്. കാരണം ഖുർആൻ പാരായണത്തിന്റെ ഉദ്ദേശ്യം അതിനെ പിന്തുടരലും അതനുസരിച്ച് പ്രവർത്തിക്കലുമാണ്. അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നു, ഈ ഖുർആനിൽ ഞാൻ നിങ്ങൾക്കു വേണ്ടിയും സകല നന്മകളും നല്ല നിലയിലുള്ള കർമ്മങ്ങളും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്ന ഓരോരുത്തർക്കുവേണ്ടിയും എല്ലാ നിയമങ്ങളും ചിട്ടകളും വിവരിച്ചിരിക്കുന്നു. ഏതെങ്കിലും പ്രത്യേക വ്യക്തികൾക്കുവേണ്ടി മാത്രമല്ല, എല്ലാ വിഭാഗത്തിലുള്ള ആളുകൾക്കുവേണ്ടിയും ഇതിൽ എല്ലാ കാര്യങ്ങളും നിക്ഷേപിച്ചുവെച്ചിരിക്കുന്നു. എല്ലാതരം ആളുകൾക്കും ഇതിൽ ഉപദേശമുണ്ട്. ഓരോരുത്തർക്കും അവരുടെ കഴിവിന്നനുസരിച്ച് അത് മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പറഞ്ഞു. ***വലഖദ് യസ്സർനൽഖുർആന ലിദ്ദിക്‌രി ഫഹൽ മിൻ മുദ്ദക്കിർ*** തീർച്ചയായും നാം ഖുർആനിനെ ഉപദേശത്തിനായി എളുപ്പമാക്കിയിരിക്കുന്നു. ഉപദേശം സ്വീകരിക്കുന്ന ആരെങ്കിലുമുണ്ടോ? ഇനി, നാം എത്രത്തോളം നമ്മളിൽ ഇത് നടപ്പിൽ വരുത്തുന്നുണ്ടെന്നും ഇതിന്റെ അദ്ധ്യാപനങ്ങളിൽനിന്നും എത്രത്തോളം ഉപദേശം കരസ്ഥമാക്കുന്നുണ്ടെന്നുമാണ് നോക്കേണ്ടത്.

ഈ റമസാനിൽ, ഉപദേശനിർഭരമായ ഈ കലാമിനെ പാരായണം ചെയ്യാൻ അവസരം കിട്ടുന്നതുപോലെതന്നെ അത് നമ്മുടെ ജീവിതത്തിലും നടപ്പിൽ വരുത്തേണ്ടത് നമുക്ക് നിർബന്ധമാണ്. അതിലെ ഓരോ കല്പനയുമനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. വിധിവിലക്കുകൾ പാലിക്കുകയും വേണം. ഒരിക്കലുംതന്നെ വിശുദ്ധഖുർആൻ 'ഖുർആനെ പിന്തള്ളിക്കളഞ്ഞു' എന്ന് പറഞ്ഞ കൂട്ടരിൽ പെടാതിരിക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു പറയുന്നു: ***വ ഖാലർറസൂലു യാ ഖൗമിത്തഖദൂ ഹാദൽ ഖുർആന മഹ്ജൂറാ*** റസൂൽ പറയും, എന്റെ നാഥാ, തീർച്ചയായും എന്റെ ജനം ഈ ഖുർആനെ പിമ്പുറം തള്ളിക്കളഞ്ഞു. ഇപ്പറഞ്ഞ കാലം ഇതുതന്നെയാണ്. ജനങ്ങൾക്ക് താല്പര്യമുള്ള വിഷയങ്ങളടങ്ങിയ ഒരുപാട് ഗ്രന്ഥങ്ങൾ ധാരാളം നിലവിൽ വന്നുകഴിഞ്ഞു. ഇന്റർനെറ്റ് തുടങ്ങിയവയും ഉണ്ട്. അതിന്റെ മുമ്പിൽ രാപ്പകൽ മുഴുവൻ ലഹരിക്കടിപ്പെട്ടതുപോലെ മനുഷ്യർ കുത്തിയിരിക്കുന്നു. ഇതേപോലെയുള്ള വേറെ പലതും നിലവിൽ വന്നിട്ടുണ്ട്. മനുഷ്യനെ മതത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന വീക്ഷണങ്ങളും ചിന്താഗതികളും തത്ത്വസംഹിതകളും ഒരുപാടുണ്ടായിക്കഴിഞ്ഞിരിക്കുന്നു. മുസ്‌ലിംകളും ഇതിന്റെ പിടിയിൽ അമർന്നുകഴിഞ്ഞിരിക്കുകയാണ്. ഖുർആനിക അദ്ധ്യാപനങ്ങളെ പിമ്പുറം തള്ളിക്കളഞ്ഞുകൊണ്ട് സ്വന്തം ഇഷ്ടത്തിന്നനുസരിച്ചുള്ള കർമ്മങ്ങളാണ് എങ്ങും കണ്ടുവരുന്നത്. ഇതുതന്നെയാണ് വാഗ്ദത്ത മസീഹിന്റെ കാലം.

ഖുർആൻ പിമ്പുറം തള്ളിക്കളഞ്ഞു എന്നു പറഞ്ഞത് ഇക്കാലത്തെക്കുറിച്ചുതന്നെയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെയാണ് വിശുദ്ധഖുർആന്റെ മറഞ്ഞുപോയ അദ്ധ്യാപനങ്ങളെ വീണ്ടും ലോകത്ത് നടപ്പിൽ വരുത്തേണ്ടത്. അവിടന്ന് അത് നടപ്പിൽവരുത്തി കാണിക്കുകയും ചെയ്തു. ഖുർആനികാദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും അത് നമ്മളിൽ നടപ്പിൽ വരുത്തുകയും മാത്രമല്ല അത് മുന്നോട്ട് വ്യാപിപ്പിക്കുകയും ചെയ്യേണ്ടത് ഇന്ന് അഹ്മദികളായ നാം ഓരോരുത്തരുടേയും ചുമതലയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മിഷനെ എങ്ങും വ്യാപിപ്പിക്കുകയും വേണം. ഞാൻ ഇപ്പോൾ ഓതിയ, 'ഖുർആനെ പിമ്പുറം തള്ളിക്കളഞ്ഞു' എന്ന് ഏതൊരു കൂട്ടരെക്കുറിച്ചാണോ പറഞ്ഞിട്ടുള്ളത് അവരിൽ ഒരു അഹ്മദിയും പെട്ടുപോകാതിരിക്കട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ "ആരാണോ വിശുദ്ധഖുർആനെ ആദരിക്കുന്നത് അവൻ ആകാശത്തിൽ ആദരിക്കപ്പെടും" എന്ന വചനം എപ്പോഴും നമ്മുടെ ഓർമ്മയിലുണ്ടാകണം. നാം വിശുദ്ധഖുർആന്റെ ഓരോ കല്പനയേയും ഓരോ പദങ്ങളേയും ആദരിക്കുന്നവരാകട്ടെ. അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് യഥാർത്ഥത്തിൽ നാം അതിനെ ആദരിക്കുന്നവരായിത്തീരുന്നത്. നമ്മൾ ഇങ്ങനെ ചെയ്യുമ്പോൾ വിശുദ്ധഖുർആൻ നമ്മെ എല്ലാവിധ വിഷമങ്ങളിൽനിന്നും മോചിപ്പിക്കുകയും അത് നമുക്ക് കാരുണ്യത്തിന്റെ കുടയായിത്തീരുകയും ചെയ്യും.

وَنُنَزِّلُ مِنَ الْقُرْاٰنِ مَا هُوَ شِفَآءٌ وَّرَحْمَةٌ
لِّلْمُؤْمِنِيْنَ وَلَا يَزِيْدُ الظّٰلِمِيْنَ اِلَّا خَسَارًا ۝

എന്ന വചനത്തിൽ അല്ലാഹു പറഞ്ഞിട്ടുള്ളതുപോലെ വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമായിട്ടുള്ള അദ്ധ്യാപനം അവൻ ഖുർആനിൽനിന്ന് ഇറക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ അക്രമികൾക്കത് നഷ്ടം മാത്രമേ വർദ്ധിപ്പിക്കുന്നുള്ളൂ. വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ എല്ലാ വിധിവിലക്കുകളും നാം ശ്രദ്ധിക്കുകയും എന്നിട്ട് ആ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും അതിനെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

അങ്ങനെ വരുമ്പോഴാണ് നാം ശാരീരികവും ആത്മീയവുമായ രോഗങ്ങളിൽനിന്ന് മോചനം നേടുന്നവരായി തീരുന്നത്. ആ സ്ഥിതിയിൽ വിശുദ്ധഖുർആൻ നമുക്ക് കാരുണ്യത്തിന് കാരണവുമാകും. കല്പനകളനുസരിച്ച് പ്രവർത്തിക്കാത്തവർ അക്രമികളാണ്. അവർക്ക് വിശുദ്ധഖുർആൻ പറഞ്ഞതുപോലെ നഷ്ടമല്ലാതെ ഒന്നും തന്നെയില്ല. അവരുടെ കണ്ണുകൾക്ക് അന്ധത ബാധിച്ചിരിക്കുകയാണ്. വിശുദ്ധഖുർആൻ അത്തരക്കാർക്ക് പ്രയോജനപ്പെടുകയില്ല. ഇസ്‌ലാമിന്നെതിരിൽ ധാരാളം ഗ്രന്ഥങ്ങൾ പുറത്തുവരുന്നുണ്ട്. ചിലർ മുസ്‌ലിംകളല്ലെങ്കിലും നല്ല കാര്യങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് എഴുതാറുണ്ട്. അവരിൽ ഒരാളായ കേരംഗ് ആംസ്ട്രോംങ്ങ് നബിതിരുമേനിയുടെ ജീവിതചരിത്രം എഴുതിയിട്ടുണ്ട്. അദ്ദേഹം ഫേ വെൽഡൻ എന്ന വിമർശകന്റെ ഒരു ഉദ്ധരണി തന്റെ ഗ്രന്ഥത്തിലെടുത്തെഴുതിക്കൊണ്ട് അതിന് മറുപടി നല്കുന്നുണ്ട്. ഫേ വെൽഡന് എന്താണ് ഖുർആനിൽ നിന്ന് കിട്ടിയത്. അയാൾ പറയുന്നു: വിശുദ്ധഖുർആനിൽ ശ്രദ്ധേയവും ചിന്താർഹവുമായ ഒരു കാര്യവുമില്ല. പിന്നീട് പറയുന്നു. വിശേഷബുദ്ധിയോടും വകതിരിവോടുംകൂടി സമൂഹത്തെ പടുത്തുയർത്താൻ പറ്റിയ ഒരു ഗ്രന്ഥം അല്ല ഇത്. പിന്നീട് പറയുന്നു, അതിന്റെ അദ്ധ്യാപനവുമായി ചേരാത്ത എല്ലാ വിശ്വാസങ്ങളേയും അടിച്ചമർത്തുന്നവർക്ക് ശക്തിയും ആയുധവും നല്കി സന്നദ്ധരാക്കുക മാത്രമാണ് അത് ചെയ്യുന്നത്. ഇതിന്റെ യഥാർത്ഥ ഉദ്ദേശ്യം പരിമിതമാണെന്നും ചിന്താശക്തിയെ അത് പരിമിതപ്പെടുത്തുന്നുവെന്നുമൊക്കെ അതിലയാൾ തുടർന്നെഴുതുന്നുണ്ട്.

ആരുടെ ഹൃദയത്തിലാണോ നന്മയുള്ളത് അവർക്കാണ് ഇത് വഴികാട്ടുന്നതെന്ന് വിശുദ്ധഖുർആൻ അതിന്റെ പ്രാരംഭവചനങ്ങളിൽതന്നെ പറഞ്ഞിട്ടുള്ളതാണ്. അല്ലെങ്കിൽ നന്മയിലേക്ക് ഒരു ചായ്‌വെങ്കിലും ഉണ്ടാകണം. തുടക്കത്തിൽതന്നെ പറഞ്ഞു, ***ഹുദൻല്ലിൽ മുത്തഖീൻ*** മുസ്‌ലിമായിട്ടില്ലെങ്കിൽതന്നെയും ഓരോരുത്തർക്കും തഖ്‌വയുടെ ഒരു നിലയുണ്ട്. മതപരമായ എല്ലാ ഏകപക്ഷീയതയിൽനിന്ന് വിട്ടുമാറി ഇക്കാര്യത്തിൽ പരിശോധന നടത്തേണ്ടതാണ്. ഇതും ഒരുതരം തഖ്‌വയാണ്. വിശുദ്ധഖുർആൻ പറയുന്നത് ദൈവത്തെ ഭയപ്പെടുന്നവർക്ക് ഇത് വഴികാട്ടുന്നു എന്നാണ്. ഏകപക്ഷീയമായ വീക്ഷണത്തിലൂടെ നോക്കുന്നവർക്ക് നേരായ മാർഗ്ഗം പ്രാപിക്കാൻ ഒരിക്കലും കഴിയുകയില്ലെന്ന് അത് ആദ്യമേതന്നെ പ്രഖ്യാപിച്ചു. എന്നല്ല, ഇസ്‌ലാമിന്നെതിരിൽ സംസാരിക്കുന്ന ഈ യാഥാസ്ഥിതികരായ ആളുകൾ അക്രമികളാണെന്ന് പറയുകയും ചെയ്തു. വിശുദ്ധഖുർആനിൽനിന്ന് നഷ്ടമല്ലാതെ മറ്റൊന്നും അവർക്ക് കിട്ടുകയില്ല. അല്ലാഹു പറഞ്ഞു: "***വലാ യസീദുള്ളാലിമീന ഇല്ലഖസാറാ***" അക്രമികൾക്ക് അത് നഷ്ടമല്ലാതെ മറ്റൊന്നും വർദ്ധിപ്പിക്കുകയില്ല.

വിശുദ്ധഖുർആന്റെ പാരായണവും അതനുസരിച്ചുള്ള പ്രവർത്തനവും കൊണ്ട് അതിനെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കേണ്ടത് ഇന്ന് അഹ്മദികളുടെ നിർബന്ധകടമയാണ്. അഹ്മദികളുടെ ഈ പ്രവർത്തനം കൊണ്ട് ഈ അക്രമികളുടെ വായ സ്വയംതന്നെ അടയണം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "വിശുദ്ധഖുർആനിൽ ചിന്തിക്കുക. അതിൽ സകലകാര്യങ്ങളുമുണ്ട്. നന്മയേയും തിന്മയേയും കുറിച്ചുള്ള വിശദീകരണവും വരുംകാലത്തെക്കുറിച്ചുള്ള വാർത്തകളും തുടങ്ങി പലതും. ആരോപണങ്ങൾക്കതീതമായ അദ്ധ്യാപനങ്ങളാണ് അത് സമർപ്പിക്കുന്നതെന്ന കാര്യം നല്ലവണ്ണം മനസ്സിലാക്കുക. കാരണം അതിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും ചൂടോടുകൂടി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. ഇഞ്ചീലിൽ മതാദ്ധ്യാപനങ്ങൾ പരിപൂർണ്ണമായ നിലയിൽ വിവരിക്കപ്പെട്ടിട്ടില്ല. അതിന്റെ അദ്ധ്യാപനങ്ങൾ അക്കാലത്തേക്ക് ആവശ്യമായിരുന്നിരിക്കാം. എന്നാൽ, അത് എന്നന്നേക്കും ഒരിക്കലുമല്ല. ഇതിന്റെ അഭിമാനം വിശുദ്ധഖുർആന് മാത്രമാണ്. കാരണം എല്ലാവിധ രോഗത്തിനും അല്ലാഹു ഇതിൽ ചികിത്സ നിർദ്ദേശിച്ചിരിക്കുന്നു. ആത്മീയവും ഭൗതികവുമായ എല്ലാ ശക്തികൾക്കും ശിക്ഷണം നല്കിയിരിക്കുന്നു. തിന്മ വെളിപ്പെട്ടുകഴിഞ്ഞാൽ അത് അകറ്റേണ്ടതെങ്ങനെ എന്നും പറഞ്ഞിരിക്കുന്നു. അതുകൊണ്ട് വിശുദ്ധഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുകയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും നടത്തവും ഇരുത്തവും അതനുസരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുക."

വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ചില ഹദീസുകൾ ഞാൻ കേൾപ്പിക്കാം. അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. വിശുദ്ധഖുർആനിലെ ഒരക്ഷരം വല്ലവനും പാരായണം ചെയ്യുന്നപക്ഷം അവന് ഒരു നന്മ ലഭിക്കും. ഏതൊരു നന്മയ്ക്കും പത്തിരട്ടിയാണ് പ്രതിഫലം. അലിഫ് ലാം മീം ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അതിലെ അലിഫ് ഒരക്ഷരവും ലാം മറ്റൊരക്ഷരവും മീം വേറൊരക്ഷരവുമാണ്.

മറ്റൊരു നിവേദനത്തിൽ ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: വിശുദ്ധഖുർആന്റെ അറിവ് നേടിക്കൊണ്ട് അത് പാരായണം ചെയ്യുന്നവർ അനുസരണശീലരും ആദരണീയരുമായ യാത്രക്കാരോടൊപ്പമായിരിക്കും. അവർക്ക് സ്ഥാനം ലഭിക്കുന്നതാണ്.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. ആരാണോ പകൽനേരത്ത് അമ്പതുവചനങ്ങൾ ഓതിയത് അവൻ അശ്രദ്ധരായ ആളുകളിൽ എണ്ണപ്പെടുകയില്ല.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ആരാണോ ഒരു രാത്രിയിൽ അമ്പതു വചനങ്ങൾ ഓതി

യത് അവൻ ഖുർആൻ ഹൃദിസ്ഥമാക്കിയവരിൽ ഉൾപ്പെടുന്നതാണ്. ഖുർആൻ ഹൃദിസ്ഥമാക്കിയവരുടെ പദവികളെ സംബന്ധിച്ച്, നിവേദനങ്ങളിൽ ഇങ്ങനെ വന്നിരിക്കുന്നു.

ഹസ്റത്ത് അബൂ സഈദ് ഖുദ്‌രി(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഖുർആൻ ഹൃദിസ്ഥമാക്കിയവനെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുന്നനേരത്ത് പറയപ്പെടും: നീ ഖുർആൻ ഓതിക്കൊണ്ടിരിക്കയും ഉന്നതിയിലേക്ക് കയറിക്കൊണ്ടിരിക്കയും ചെയ്യുക. അങ്ങനെ അവൻ ഖുർആൻ ഓതിക്കൊണ്ടിരിക്കുകയും ഉന്നതമായ പദവിയിലേക്ക് ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യും. കാരണം ഓരോ വചനത്തിനും പകരം അവനൊരു പദവി ഉണ്ടായിരിക്കും; അവനോർമ്മയുള്ള അവസാനവചനം ഓതുന്നതുവരെ അവൻ ഉന്നതമായ പദവിയിലേക്ക് കയറിക്കൊണ്ടിരിക്കും.

വീടുകളിൽ മുടങ്ങാതെ ഖുർആൻ പാരായണം ചെയ്യേണ്ടതാണെന്ന് ഉപദേശിച്ചുകൊണ്ട് നബി(സ) പറഞ്ഞു: നിങ്ങളുടെ വീടുകളിൽ അധികമധികമായി ഖുർആൻ പാരായണം ചെയ്യുക. തീർച്ചയായും വിശുദ്ധ ഖുർആൻ പാരായണം ചെയ്യപ്പെടാത്ത വീട്ടിൽ നന്മ കുറഞ്ഞുപോകുന്നു. ഉപദ്രവങ്ങൾ കൂടുതലായിത്തീരുന്നു. അതിൽ വസിക്കുന്നവർക്ക് ആ വീട് ഇടുങ്ങിയതായിത്തീരുകയും ചെയ്യുന്നു.

അതുകൊണ്ട് ഓരോ അഹ്മദിയും നബി(സ)തിരുമേനിയുടെ ഈ നിർദ്ദേശം എപ്പോഴും മുന്നിൽ കാണേണ്ടതാണ്. ഈ റമസാനിൽ വിശുദ്ധഖുർആൻ പാരായണം ചെയ്തുകൊണ്ട് ഈ അനുഗ്രഹം കരസ്ഥമാക്കാൻ ഓരോരുത്തരും അത് തുടർന്നുകൊണ്ടേ പോകേണ്ടതാണ്. ഈ അനുഗ്രഹത്തിലൂടെ ദീനും ദുനിയാവും മാത്രമല്ല നന്നാക്കിത്തീർക്കുന്നത്. മറിച്ച്, ശയ്ത്താന്റെ ആക്രമണത്തിന്നെതിരെ ശക്തിയാർജ്ജിക്കുകയും ചെയ്യുന്നു. ഈ അനുഗ്രഹങ്ങൾ ഖുർആൻ മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴായിരിക്കും ലഭിക്കുക എന്ന കാര്യം ഓർക്കുക. ഞാൻ പറഞ്ഞതുപോലെ ഇല്ലെങ്കിൽ അന്ധന്മാരുടെ അവസ്ഥപോലെതന്നെയായിരിക്കും. ഈ അനുഗ്രഹം കരസ്ഥമാക്കുന്നതിനുവേണ്ടി വിശുദ്ധഖുർആൻ ഓതിക്കൊണ്ടിരിക്കുകയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ജീവിതചര്യ അതിനു വിധേയമാക്കിക്കൊണ്ടിരിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആൻ എങ്ങനെയാണ് പാരായണം ചെയ്യേണ്ടതെന്നതിനെക്കുറിച്ച് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ബറാഅ്ബിൻ ആസിബ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: വിശുദ്ധഖുർആന്റെ സൗന്ദര്യത്തിൽ നിങ്ങളുടെ സ്വരമാധുര്യം കൊണ്ട് വർദ്ധനവുണ്ടാക്കുക. കാരണം സ്വരമാധുര്യം ഖുർആന്റെ സൗന്ദര്യത്തിന് മാറ്റ് കൂട്ടുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആരാധനയുടെ അടിവേര് ദൈവികവചനത്തിന്റെ പാരായണമാണ്. കാരണം പ്രിയതമന്റെ വചനങ്ങൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ തീർച്ചയായും യഥാർത്ഥ പ്രേമിക്ക് അത് അതീവസന്തോഷത്തിന് കാരണമായിത്തീരുന്നു. അങ്ങനെ പ്രേമത്തിന് ഒരു ചൂടും അതിലേക്ക് പ്രത്യേകമായ ശ്രദ്ധയും ഉണ്ടാകുന്നു.

"അല്ലാഹുവിനെ സ്നേഹിക്കുന്നു എന്ന വാദമുണ്ടെങ്കിൽ ആ സ്നേഹം വർദ്ധിപ്പിക്കുന്നതിനായി വിശുദ്ധഖുർആൻ നമ്മൾ പാരായണം ചെയ്യേണ്ടതാണ്. അത് മനസ്സിലാക്കി ഓതുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് അത്യാന്താപേക്ഷിതമാണ്. ഇത് സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അതായത്, ആരോ ചോദിച്ചപ്പോൾ അതിന് മറുപടി നല്കിക്കൊണ്ട് പറഞ്ഞു "വിശുദ്ധഖുർആൻ ചിന്തിച്ചും ആലോചിച്ചും ശ്രദ്ധിച്ചും പാരായണം ചെയ്യേണ്ടതാണ്. ഹദീസ് ശരീഫിൽ വന്നിരിക്കുന്നു. ***റുബ്ബ ഖാരിൻ യൽഅനുഹുൽഖുർആൻ*** അതായത്, ഖുർആൻ പാരായണം ചെയ്യുന്ന ഒരുപാടാളുകളുടെ മേൽ അത് ശാപം ചൊരിയുന്നു. ആരാണോ ഖുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് അവന്റെമേൽ ഖുർആൻ ശാപം ചൊരിയുന്നു. ഖുർആൻ പാരായണം ചെയ്യുമ്പോൾ കാരുണ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വചനമെത്തിയാൽ അവിടെ അല്ലാഹുവിനോട് കാരുണ്യം തേടുകയും ഏതെങ്കിലും ഭാഗത്ത് ഏതെങ്കിലും ജനതയെ ശിക്ഷിച്ച വിവരം കണ്ടാൽ അവിടെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവനോടുതന്നെ അഭയം തേടുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ ചിന്തിച്ചും ആലോചിച്ചും ഖുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം.

ഹസ്റത്ത് അബൂ ഉമാമാ ബാഹലി(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. "നിങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുക. തീർച്ചയായും പുനരുത്ഥാനനാളിൽ ഖുർആൻ പാരായണം ചെയ്യുന്നവർക്ക് അത് ശിപാർശ ചെയ്യുന്നതാണ്."

സഹറ റഅ്യിൻ. നല്ല സൗന്ദര്യമുള്ളതും മനോഹരവുമായ രണ്ട് പുഷ്പങ്ങൾ. അതായത് സൂറഃബഖറയും സൂറഃആലുഇംറാനും പാരായണം ചെയ്യുക. ഈ രണ്ട് സൂറത്തുകളും പുനരുത്ഥാനനാളിൽ തിങ്ങിക്കൂടിയ രണ്ട് മേഘം പോലെയായിരിക്കും. അല്ലെങ്കിൽ ചിറക് വിടർത്തിനില്ക്കുന്ന രണ്ട് പക്ഷിക്കൂട്ടങ്ങളെപ്പോലെയായിരിക്കും. പാരായണം ചെയ്യുന്ന ആളുടെ ഭാഗത്തുനിന്ന് അത് പ്രതിരോധിച്ചുകൊണ്ടിരിക്കും. അതായത് അവർക്കുവേണ്ടി വാദിക്കുന്നുണ്ടാകും.

വീണ്ടും പറഞ്ഞു: സൂറഃബഖറ പാരായണം ചെയ്യുക. അത് സ്വായത്തമാക്കുകയോ അതനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യുന്നത് അനുഗ്രഹത്തിന് കാര

ണമാണ്; അതിനെ ഉപേക്ഷിക്കൽ ദുഃഖത്തിന് കാരണവും. കളവാക്കുന്ന ആർക്കും അതിനെ കളവാക്കാൻ സാദ്ധ്യമല്ല. അല്ലെങ്കിൽ ആർക്കും അതിനോട് കിടപിടിക്കാൻ സാദ്ധ്യമല്ല. സൂറഃബഖറയിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ വായിക്കുകയും പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. എന്നാൽ, എല്ലാ കാര്യങ്ങളും അതുമുഖേന ലഭിക്കുന്നതാണ്. ഇതുകൊണ്ട് വിശുദ്ധഖുർആനിലെ മറ്റു ഭാഗങ്ങൾ പാരായണം ചെയ്യേണ്ട ആവശ്യമില്ല എന്നാരും കരുതരുത്. അതിലെ വിഷയത്തിന്റെ അടിസ്ഥാനത്തിലും അത് മനസ്സിലാക്കി പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിലുമാണ് ഇങ്ങനെ പറയപ്പെട്ടിട്ടുള്ളത്. അത് ഹൃദിസ്ഥമാക്കി നിസ്കാരങ്ങളിൽ പാരായണം ചെയ്യുന്നതിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. പ്രത്യേകിച്ച് നഫ്ൽ നിസ്കാരങ്ങളിൽ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ ഒരു സഹാബി രാത്രി ഉണർന്നപ്പോൾ നബി(സ)തിരുമേനി നിസ്കരിക്കുന്നത് കണ്ടു. അദ്ദേഹം കൂടെവന്ന് വളരെ താല്പര്യത്തോടെ നിസ്കരിക്കാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം ക്ഷീണിതനായി. കാരണം നബി (സ) ആദ്യം സൂറഃബഖറ മുഴുവനും ഓതി. പിന്നീട് രണ്ടാമത്തെ റക്അത്തിൽ സൂറഃആലുഇംറാൻ ഓതാൻ തുടങ്ങി. നബിതിരുമേനിയുടെ ഖുർആൻ പാരായണം വളരെ മനോഹരമായിരുന്നു. ആ പാവത്തിന് ക്ഷീണിച്ച് നില്ക്കുകയല്ലാതെ നിർവാഹമില്ലായിരുന്നു.

നിവേദനത്തിൽ വന്നിരിക്കുന്നു. ഖുർആൻ പാരായണം ചെയ്യുമ്പോഴും കേൾക്കുമ്പോഴും നബിതിരുമേനിയുടെ അവസ്ഥ ഒരു പ്രത്യേകതരത്തിലുള്ളതാകുമായിരുന്നു. സൂറഃബഖറയെക്കുറിച്ച് അവിടന്ന് പറഞ്ഞു. ഇത് വിശുദ്ധഖുർആന്റെ ഏറ്റവും ഉയർന്ന ശിഖരമാണ്. സൂറഃബഖറയിലെ പ്രതിപാദ്യവിഷയത്തിൽ ആദം(അ) മുതൽ നബി(സ) തിരുമേനിയുടെ കാലംവരെയുള്ള പ്രവാചകന്മാരുടെ ചരിത്രവും ഉണ്ട്. ആരാധനയുടെ മസ്അലയും അതിലുണ്ട്. അതായത്, എങ്ങനെ നിസ്കരിക്കണം, എങ്ങനെ നോമ്പ് പിടിക്കണം. അതുപോലെ തന്നെ മറ്റു കല്പനകളും എങ്ങനെ പാലിക്കണമെന്നും വിവരിക്കപ്പെട്ടിരിക്കുന്നു. ഹസ്റത്ത് ഇബ്രാഹിം, ഇസ്മായിൽ(അ) എന്നിവർ ചെയ്ത പ്രാർത്ഥനയെക്കുറിച്ച് വിശുദ്ധഖുർആനിൽ പറയുന്നുണ്ട്. അതുപോലെ വേറെയും ഒരുപാട് പ്രാർത്ഥനകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ആലുഇംറാനിലും നിരവധി വിഷയങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ക്രിസ്തുമതത്തെക്കുറിച്ചും ഹസ്റത്ത് ഈസായെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. നബി(സ) ചെയ്ത ബദ്ർ യുദ്ധത്തെക്കുറിച്ചും പ്രതിപാദനമുണ്ട്. വിവിധ വിഷയങ്ങളുടെ ഖജനാവാണ് ഈ രണ്ട് സൂറത്തുകളും.

ഒരു നിവേദനത്തിൽ ഖുർആൻ ഹൃദിസ്ഥമാക്കുന്നതിനെയും അത് നിസ്കാരങ്ങളിൽ ഓതുന്നതിനെക്കുറിച്ചും വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബികരിം(സ) പറഞ്ഞു. നിസ്കാരത്തിന് പുറമെ പാരായണം ചെയ്യുന്നതിനേക്കാൾ ഏറ്റവും ശ്രേഷ്ഠമാണ് നിസ്കാരത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നത്. നിസ്കാരത്തിനു പുറമെ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നത് അല്ലാഹുവിന്റെ പരിശുദ്ധിയും അവന്റെ മഹത്വവും വർണ്ണിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ്. അല്ലാഹുവിന്റെ പരിശുദ്ധി പ്രകീർത്തനം ചെയ്യുക എന്നത് സദഖ കൊടുക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ്. സദഖ കൊടുക്കുക എന്നത് നോമ്പിനേക്കാൾ ശ്രേഷ്ഠമാണ്. നോമ്പ് അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള പരിചയാണ്.

വിശുദ്ധഖുർആൻ ഹൃദിസ്ഥമാക്കുന്നതിലും അത് നിസ്കാരത്തിൽ പാരായണം ചെയ്യുന്നതിലും എത്രമാത്രം മഹത്ത്വമാണുള്ളത്. കാരണം നിസ്കാരത്തിൽ പ്രത്യേകമായ ഒരവസ്ഥ ഉണ്ടായിത്തീരുന്നു. തിലാവത്ത് ചെയ്യുമ്പോൾ ഓരോ വാക്കിലും സത്യവിശ്വാസി ചിന്തിച്ചുകൊണ്ടിരിക്കും. എവിടെയൊക്കെ മുന്നറിയിപ്പും സുവാർത്തയും ഉണ്ടോ അവിടെയൊക്കെ പൊറുക്കലിനെ തേടാനും അല്ലാഹുവിനെ സ്തുതിക്കാനും തൗഫീഖ് കിട്ടും. അല്ലാഹുവിന്റെ മുമ്പിലാണ് നില്ക്കുന്നതെന്ന ബോധവും ഉണ്ടാകും. അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുന്നു എന്ന വിചാരത്തോടെ നിസ്കരിക്കാനാണല്ലോ പറഞ്ഞിട്ടുള്ളത്. അവൻ എന്നെ കാണുന്നു എന്ന വിചാരത്തോടെ നിസ്കരിക്കുക. അതുകൊണ്ടാണ് പറഞ്ഞത് നിസ്കാരത്തിൽ ഖുർആൻ ഓതുന്നത് ഏറ്റവും ഉത്തമമാണെന്ന്. ഇക്കാരണത്താൽ ഖുർആനിലെ കൂടുതൽ ഭാഗങ്ങൾ ഹൃദിസ്ഥമാക്കണമെന്ന ഉത്ക്കടമായ ആഗ്രഹവും ഉണ്ടാകുന്നതാണ്. ഇത് മറ്റൊരനുഗ്രഹവും കൂടിയാണ്. സാധാരണ തിലാവത്ത് ചെയ്യുന്നതും മറ്റുള്ള ഒരുപാട് നന്മയേക്കാൾ പുണ്യമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വൻകുഴപ്പങ്ങൾ വ്യാപിച്ചിരുന്ന കാലത്താണ് വിശുദ്ധഖുർആൻ അവതരിച്ചത്. വിശ്വാസപരവും കർമ്മപരവുമായ ഒരുപാടൊരുപാട് തെറ്റുകൾ എങ്ങും പരന്നുകഴിഞ്ഞിരുന്നു. ഒട്ടുമിക്ക എല്ലാ ആളുകളും ദുഷ്കർമ്മങ്ങളിലും അബദ്ധവിശ്വാസങ്ങളിലും അകപ്പെട്ടിരുന്നു. ഇതിലേക്ക് സൂചന നല്കിക്കൊണ്ട് അല്ലാഹു പറഞ്ഞു: ***ളഹറൽ ഫസാദു ഫിൽബർറി വൽബഹ്റി.*** കിതാബിന്റെ അനുസാരികളും അല്ലാത്തവരുമെല്ലാം അബദ്ധജടിലമായ വിശ്വാസങ്ങളിൽ അകപ്പെട്ടിരുന്നു. വൻകുഴപ്പങ്ങൾ ലോകത്ത് നടമാടിയിരുന്നു. അത്തരം കാലഘട്ടത്തിൽ അല്ലാഹു തെറ്റായ വിശ്വാസങ്ങളെല്ലാം അകറ്റുന്നതിന് സമ്പൂർണ്ണ അദ്ധ്യാപനങ്ങൾ അടങ്ങുന്ന വിശുദ്ധഖുർആൻ നമ്മുടെ ഹിദായത്തിന്നായി അയച്ചു. അതിൽ നിരർത്ഥകമായ എല്ലാ മതങ്ങളുടേയും ഖണ്ഡനമുണ്ട്. പ്രത്യേകിച്ച് അഞ്ചുനേര നിസ്കാരത്തിൽ പാരായണം ചെയ്യുന്ന സൂറഃഫാത്തിഹായിൽ എല്ലാ വിശ്വാസങ്ങളേയും കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു." വീണ്ടും അവിടന്ന് പറയുന്നു. "വിശുദ്ധഖുർആനെ പിൻപുറം തള്ളിക്കളയരുതെന്ന വളരെ നിർബന്ധമായ ഒരു പാഠം നമുക്ക്

ഖുർആനിലുണ്ട്. നിങ്ങളുടെ ജീവിതം ഇതിൽ തന്നെ യാണ് നിലനില്ക്കുന്നതെന്ന് അത് പറയുന്നു. ഖുർആനെ ആദരിക്കുന്നവർ ആകാശത്തിൽ ആദരിക്കപ്പെടും. എല്ലാ ഹദീസുകളെക്കാളും ഖൗലുകളെക്കാളും ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂമിലോകത്ത് ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. എല്ലാ ആദം സന്തതികൾക്കും ഇപ്പോൾ മുഹമ്മദ് മുസ്തഫാ(സ) അല്ലാതെ ഒരു റസൂലും ഒരു ശിപാർശകനും ഇല്ല."

പറഞ്ഞു: "ഞാൻ സത്യമായും സത്യമായും പറയുന്നു. ബാഹ്യമായും ആന്തരികമായും വിശുദ്ധഖുർആൻ നല്കിയിട്ടുള്ള അദ്ധ്യാപനങ്ങളനുസരിച്ച് ആരാണോ പ്രവർത്തിക്കുന്നത് അല്ലാഹു അവനും ഇതരനും തമ്മിൽ വ്യത്യാസമുണ്ടാക്കുന്നു. അവന് അല്ലാഹുവിൽ ദൃഢവിശ്വാസമുണ്ടാകുന്നു. ശക്തിപ്രഭാവത്തിന്റെ അത്ഭുതങ്ങൾ അവൻ നേരിൽ കാണുന്നു. ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം അവന് വർദ്ധിക്കുന്നു. അവന്റെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നു. മറഞ്ഞിരിക്കുന്ന ശക്തിപ്രഭാവങ്ങൾ കാണാനുള്ള ബാഹ്യവും ആന്തരികവുമായ ശക്തി അവന് പ്രദാനം ചെയ്യുന്നു. അത് മറ്റുള്ളവർക്ക് കാണാൻ കഴിയില്ല. മറ്റുള്ളവർ അറിയാത്ത കാര്യങ്ങൾ അവൻ കേൾക്കുകയും ചെയ്യുന്നു."

ദുആ സ്വീകരിക്കപ്പെടുന്നതിനും ഖുർആൻ പഠിക്കുകയും വായിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇന്ന് പതിനേഴ് നോമ്പ് കഴിഞ്ഞുകടന്നു. ഈ ദിവസങ്ങളിൽ ഖുർആനിൽനിന്ന് നാം നേടിയ അനുഗ്രഹങ്ങളേക്കാൾ കൂടുതൽ റമസാന്റെ ബാക്കിദിവസങ്ങളിൽ കരസ്ഥമാക്കാൻ ശ്രമിക്കുക. അത് പഠിക്കുക, മനസ്സിലാക്കുക, അതനുസരിച്ച് കർമ്മങ്ങൾ ചെയ്യുക. നിത്യവും നാം ആത്മപരിശോധന നടത്തുകയാണെങ്കിൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ. ആത്മപരിശോധന നടത്തിക്കൊണ്ടേയിരിക്കേണ്ടതാണ്. റമസാന്റെ അവസാന ദിവസംവരെ നാം എന്തൊന്ന് ഖുർആനിൽനിന്ന് കരസ്ഥമാക്കുന്നുവോ അതിനെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുമെന്നും റമസാനിൽ നേടിയ വിശുദ്ധഖുർആൻ പാരായണശീലം തുടർന്ന് നിലനിർത്തുമെന്ന് പ്രതിജ്ഞ ചെയ്യുക. സാധാരണ ദിവസങ്ങളിലും അത് മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. നാം നമ്മുടെ വീട്ടുകാരുടെ മേൽനോട്ടവും വഹിക്കേണ്ടതാണ്. നമ്മുടെ ഭാര്യയും മക്കളും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് നോക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാം ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ ഖുർആന്റെ അനുഗ്രഹത്തിന് അർഹരായിത്തീരുകയും അതിൽനിന്ന് എന്നെന്നും അനുഗ്രഹം തേടുകയും ചെയ്യുന്നവരായി തീരുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 21.10.2005 at Baithul Futuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala